പതിനഞ്ചാം കേരളനിയമസഭ
പത്താം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
01-02-2024

നിയമനിർമ്മാണം

ബിൽ ഓൺലൈൻ ഗെയ്മിംഗിനെ പ്രോത്സാഹിപ്പിക്കുമെന്നത് സംബന്ധിച്ച്

2024 ഫെബ്രുവരി 1-ാം തീയതി 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ ബില്ലിൽ ഖണ്ഡം 102 (എ) പ്രകാരം പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ കേരള സമൂഹത്തിന് ചേരുന്നതാണോയെന്ന് പരിശോധിക്കണമെന്നും കുട്ടികളെ ഓൺലൈൻ മാഫിയയുടെ പിടിയിൽനിന്ന് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഈ ബിൽ 1960-ലെ കേരള ഗെയ്മിംഗ് ആക്ടിന് വിരുദ്ധമാണെന്നും കേരളത്തിലെ ഭാവിതലമുറ ഓൺലൈൻ ഗെയ്മിംഗിന് അടിമകളാകുന്നത് വലിയ അപകടവും ദൂരവ്യാപകമായ പ്രത്യാഘാതവും ഉണ്ടാക്കുമെന്നതിനാൽ ബിൽ പിൻവലിക്കണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ജി.എസ്.ടി. കൗൺസിലിന്റെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 2024-ലെ കേരള ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നും ഈ ബിൽ ഓൺലൈൻ ഗെയ്മിംഗ് നിരോധിക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ യാതൊരു വിധത്തിലും ഹനിക്കുന്നില്ലെന്നും 1960-ലെ കേരള ഗെയ്മിംഗ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്നും കരട് ബില്ലിലെ 5-ാം ഖണ്ഡപ്രകാരം സംസ്ഥാന സർക്കാരിന് ഏതെങ്കിലും ഗെയ്മിംഗിനെ നിരോധിക്കുവാൻ നിയമം നിർമ്മിക്കുന്നതിന് തടസ്സമില്ലെന്നും ധനകാര്യ വകുപ്പുമന്ത്രിയും വാതുവെയ്പ്, കാസിനോകൾ, ചൂതാട്ടം, കുതിരപ്പന്തയം, ഭാഗ്യക്കുറി, ഓൺലൈൻ

മണിഗെയ്മിംഗ് എന്നിവ നിരോധിക്കാനോ നിയന്ത്രിക്കാനോ ക്രമീകരിക്കാനോ നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് തടസ്സം വരാത്ത രീതിയിലാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് നിയമം, വ്യവസായം, കയർ വകുപ്പമന്ത്രിയും വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

"ഈ ബിൽ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം തയ്യാറാക്കിയതാണെന്നും സമാനഭേദഗതികൾ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ ഇതിനോടകം നടപ്പിലാക്കിയെന്നും 1960-ലെ കേരള ഗെയ്മിംഗ് ആക്ടിന് വിരുദ്ധമല്ലെന്നും ഇത് ഒരു കാരണവശാലും ഓൺലൈൻ ഗെയ്മിംഗിനെ പ്രോൽസാഹിപ്പിക്കുന്ന ഒന്നല്ലെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പമന്ത്രി വിശദീകരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ല."

+.